**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2927** **18-03-2022 - ൽ മറുപടിയ്ക്ക്**

**കടലാമ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കടലാമകൾ മുട്ടയിടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ തൈകടപ്പുറം, കണ്ണൂർ ജില്ലയിലെ ചാല ബീച്ച്, കോഴിക്കോട് ജില്ലയിലെ കൊളാവിപ്പാലം, മലപ്പുറം ജില്ലയിലെ വെളിയംകോട്, പത്ത്മുറി, തൃശ്ശൂർ ജില്ലയിലെ ചാവക്കാട് കടപ്പുറം, എറണാകുളം ജില്ലയിലെ ചേറായി - പള്ളിപ്പുറം, കുഴുപ്പിള്ളി, മാലിപ്പുറം എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ കടലാമകൾ മുട്ടയിട്ട് കണ്ട് വരുന്നത്. |
| (ബി) | സംസ്ഥാനത്ത് കടലാമ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | കടലാമ സംരക്ഷണത്തിനായി വിവിധ എൻ.ജി.ഒ-കളുടെ സഹായത്തോടെ കടൽ തീരത്ത് നിരീക്ഷണം നടത്തുകയും കടലാമ മുട്ടയിടുന്ന സ്ഥലങ്ങൾ കണ്ടെത്തി ഹാച്ചറികൾ ഒരുക്കുകയും അവയുടെ സംരക്ഷണത്തിനായി ദിവസവേതനാടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കുകയും ചെയ്ത് വരുന്നു. ഇത്തരത്തിൽ സംരക്ഷിക്കുന്ന മുട്ടകൾ വിരിയുമ്പോൾ കുഞ്ഞുങ്ങളെ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ കടലിൽ തന്നെ വിടുന്നു. കൂടാതെ തീരദേശവാസികളെ ഉൾക്കൊള്ളിച്ച് കടലാമ സംരക്ഷണത്തിന്റെ ആവശ്യകത സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ച് വരുന്നു. |
| (സി) | ചാവക്കാട് താലൂക്കിലെ തീരപ്രദേശങ്ങളിൽ കടലാമ സംരക്ഷണത്തിനായി ഹാച്ചറികൾ നിർമ്മിക്കണമെന്നുള്ള കടലാമ സംരക്ഷണ പ്രവർത്തകരുടെ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | കടലാമ സംരക്ഷണ പ്രവർത്തനങ്ങൾക്ക് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനായി 2 ഹാച്ചറികൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. കൂടാതെ ഹാച്ചറികൾ ഇല്ലാത്ത സ്ഥലത്ത് ഇരുമ്പുകൂട് സ്ഥാപിച്ച് കടലാമ മുട്ടകൾ സംരക്ഷിച്ച് വരുന്നു. കടലാമ സംരക്ഷണത്തിന്റെ പ്രാധാന്യം കാണിക്കുന്നതിനായി സൂചനാ ബോർഡുകൾ ചാവക്കാട് താലൂക്കിലെ തീരപ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ